പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിക്കാൻ ശ്രമിച്ച പ്രതി പിടിയിൽ

കോവിഡ്-19

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 219 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഢിപ്പിക്കാൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പുനലൂർ തിങ്കൾകരിക്കകം മാർത്താണ്ഡംകര ഏഴംകുളം അദ്വൈതം വീട്ടിൽ ബിജു (46)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഡിസംബർ 21 നാണ് പെൺകുട്ടിക്ക് നേരെ അതിക്രമം നടന്നതെങ്കിലും ഇത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നില്ല. എന്നാൽ ചൈൽഡ് ലൈൻ പ്രവർത്തകർ ഇടപെട്ട് അടുത്തിടെയാണ് പോലീസിൽ പരാതി നൽകിയത്. തുടർന്ന് പോക്സോ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു നേതൃത്വത്തിൽ എസ് ഐ വിപിൻകുമാർ, എസ് സി പി ഓ ബൈജു, സി പി ഓ മാരായ സജാദ്, അൻസിൽ



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത ബിജു (46)

എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 219 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക്ഡൗൺ ദിനമായ ഇന്നലെ (24-05-2021) നാല്യ മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 219 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 47 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 160 പേരിൽ നിന്നുമായി 80,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 10 വാഹനങ്ങൾക്കെതിരെയും ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാത്ത 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 417 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി

24-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി